# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1090** **10.08.2017 ൽ മറുപടിക്ക്**

**കോഴിക്കോട് പാവങ്ങാട് റയിൽവേ മേൽപ്പാലം**

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് പാവങ്ങാട് റയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(സി) ഈ തുക ഏതു വർഷമാണ് വകയിരുത്തിയത് എന്ന് വിശദമാക്കുമോ; | (എ) & (ബി) & (സി) പാവങ്ങാട് റയിൽവേ മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തിന്റെ നിർമ്മാണത്തിനായി റെയിൽവേ 366 ലക്ഷം രൂപയുടെ ഏകദേശ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് റെയിൽവേയിൽ കെട്ടിവയ്ക്കുന്നതിനായി 20.03.2013 ലെ സ.ഉ.(സാധാ)നം.394/2013/പൊ.മ.വ. പ്രകാരം 3.66 കോടി രൂപ അനുവദിക്കുകയും തുക റെയിൽവേയ്ക്ക് കൈമാറുകയും ചെയ്തു. തുടർന്ന് 09.10. 2013 ലെ സ.ഉ.(സാധാ)നം.1326/ 2013/പൊ.മ.വ. പ്രകാരം പദ്ധതിയുടെ അപ്രോച്ച് ഭാഗത്തിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിക്കുകയും ചെയ്തു. 09.12.2015 ലെ സ.ഉ. (സാധാ) നം.1828/2015/പൊ.മ.വ. പ്രകാരം റെയിൽവേയിൽ അടക്കുന്നതിനുള്ള 202 ലക്ഷം രൂപയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 252.804 രൂപയുമുള്ള ഭരണാനുമതിയും നൽകുകയുണ്ടായി. |
| (ഡി) സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ 23.02.2016 ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയിൽ |

| | | | | |
|---|---|---|---|---|
| (ഇ) | സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ? | & (ഇ) | ഉൾപ്പെട്ട നിലമായിട്ടുള്ള സ്ഥലം നികത്തുന്നതിനുള്ള പ്രൊപ്പോസൽ 20.06.2016 ന് പുതിയറ, എലത്തൂർ കൃഷി ഓഫീസർമാർക്ക് സമർപ്പിക്കുകയും തുടർന്ന് പ്രൊപ്പോസൽ ജില്ലാതല സമിതിയുടെ ശുപാർശ സഹിതം സംസ്ഥാനതല സമിതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 03.08.2017 ലെ സ.ഉ.(സാധാ)നം.1155/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**